ഗണിതശാസ്ത്ര ദിനവും രാമാനുജനും

ശ്രീനിവാസ രാമാനുജന്റെ ജന്മദിനമായ ഡിസംബർ 22നാണ് ദേശീയ ഗണിതശാസ്ത്ര ദിനമായി ആചരിക്കുന്നത്. 2011ൽ അദ്ദേഹത്തിന്റെ 125ാം ജന്മവാർഷികമായിരുന്നു. ആ വർഷം മദ്രാസ് സർവകലാശാലയിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി മൻമോഹൻ സിങ്ങാണ് അടുത്ത വർഷം മുതൽ ഡിസംബർ 22 രാമാനുജന്റെ ഓർമയിൽ ഗണിതശാസ്ത്ര ദിനമായി ആചരിക്കുമെന്ന് പ്രഖ്യാപിച്ചത്. 2012 ദേശീയ ഗണിതശാസ്ത്ര വർഷമായി ആചരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. 2012ൽ, രാജ്യത്തുടനീളം ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട് ഒട്ടേറെ പരിപാടികൾ കേന്ദ്രസർക്കാറും വിവിധ ശാസ്ത്ര സ്ഥാപനങ്ങളും നടത്തുകയുണ്ടായി.

സൗഹൃദവേദി ആറാമത്തെ വീട് നിർമിച്ചുനൽകും

കാഞ്ഞങ്ങാട്: യു.എ.ഇ പെരിയ നിവാസികളുടെ കുടുംബ കൂട്ടായ്മയായ പെരിയ സൗഹൃദവേദിയുടെ ആറാമത്തെ സാന്ത്വന വീട് പെരിയ അത്തിക്കാരംപള്ളം വീട്ടിൽ ശൈലജക്ക് നിർമിച്ചുനൽകും. 10 ലക്ഷം രൂപ ചെലവഴിച്ചാണ് വീട് നിർമിക്കുക.

ഹരീഷ് മേപ്പാട് പ്രസിഡന്റും ഹരീഷ് പെരിയ സെക്രട്ടറിയും അഭിലാഷ് മാരാങ്കാവ് ട്രഷററുമായ ഭരണസമിതിയും പ്രകാശ് നിടുവോട്ട് കൺവീനറും രമേശ് പെരിയ ഫിനാൻസ് കൺവീനറുമായ സാന്ത്വനം വീട് കമ്മിറ്റിയാണ് നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വാർത്തസമ്മേളനത്തിൽ ഹരീഷ് മേപ്പാട്ട്, വേണുഗോപാലൻ നായർ, പ്രമോദ് പെരിയ, തമ്പാൻ നായർ ചേവിരി, ശ്രീധരൻ പൂക്കളം, ലിജു കായക്കുളം എന്നിവർ സംബന്ധിച്ചു.

'കാർഷിക ഗവേഷണ ഫലങ്ങൾ ഉടൻ കർഷകരിലെത്തണം'

കാസർകോട്: കാർഷിക രംഗത്തെ ഗവേഷണങ്ങളുടെ വാണിജ്യ ഉൽപന്നങ്ങൾ എത്രയും പെട്ടെന്ന് കർഷകർക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ലഭ്യമാക്കണമെന്ന് റൂറൽ ഇന്ത്യ ബിസിനസ് കോൺക്ലേവ്. കേരള സ്റ്റാർട്ടപ് മിഷൻ, സി.പി.സി.ആർ.ഐ, കൽപ ഇൻകുബേറ്റർ, സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് കേരള, എന്നിവ സംയുക്തമായാണ് ആർ.ഐ.ബി.സി മൂന്നാം എഡിഷൻ സംഘടിപ്പിച്ചത്. കലക്ടർ കെ. ഇമ്പശേഖർ സമ്മേളനം ഉദ്ഘാടനം ചെയ്തു.

കോൺക്ലേവിന്റെ ഭാഗമായി റൂറൽ-അഗ്രിടെക് ഹാക്കത്തൺ സംഘടിപ്പിച്ചു. കേരള കേന്ദ്രസർവകലാശാല വൈസ് ചാൻസലർ ഡോ. ജോസഫ് കോയിപ്പള്ളി ഉദ്ഘാടനം ചെയ്തു. കോഴിക്കോടുനിന്നുള്ള കോക്കോ ബോട്ട് ടീമിനെ വിജയിയായി തിരഞ്ഞെടുത്തു.

ഓൺലൈൻ ലോട്ടറി: ഓട്ടോ ഡ്രൈവർ പിടിയിൽ

നീലേശ്വരം: ഓൺലൈൻ ലോട്ടറി ഇടപാടിനിടെ ഓട്ടോഡ്രൈവർ പിടിയിൽ. നീലേശ്വരം ബസ് സ്റ്റാൻഡിലെ ഓട്ടോഡ്രൈവർ തെക്കൻ ബങ്കളം വെള്ളിക്കോത്ത് ഹൗസിലെ വി.കെ. മനോജിനെയാണ് (43) നീലേശ്വരം പൊലീസ് പിടികൂടിയത്. 2090 രൂപയും മൊബൈൽ ഫോണും പിടിച്ചെടുത്തു.

കൈക്കോട്ടുകടവ് പൂക്കോയ തങ്ങൾ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ സ്വരൂപിച്ച ചികിത്സ സഹായം കൈമാറുന്നു

വറ്റാത്ത കാരുണ്യവുമായി വിദ്യാർഥികൾ

തൃക്കരിപ്പൂർ: തൊട്ടടുത്ത സ്കൂളിലെ കുട്ടിക്ക് ചികിത്സ സഹായം ആവശ്യമായിവന്നപ്പോൾ ചേർത്തുപിടിച്ച് കൈക്കോട്ടുകടവ് പൂക്കോയ തങ്ങൾ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ.

കരൾരോഗം ബാധിച്ച ഇളമ്പച്ചി ഗവ. ഹൈസ്കൂളിലെ എട്ടാം ക്ലാസുകാരനെ സഹായിക്കാൻ കുട്ടികൾ ലക്ഷം രൂപ സ്വരൂപിച്ച് കൈമാറി. ചികിത്സ കമ്മിറ്റി ചെയർമാൻ വലിയപറമ്പ പഞ്ചായത്ത് പ്രസിഡന്റ് വി.വി. സജീവൻ ഏറ്റുവാങ്ങി.

ഹെഡ്മാസ്റ്റർ വിനോദ് കുമാർ, പി.ടി.എ പ്രസിഡന്റ് ഹസൻ ഗനി, മാനേജർ പി.പി. അബ്ദുല്ല എന്നിവർ സംസാരിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്യാംകുമാർ നന്ദി പറഞ്ഞു.

16കാരിക്കെതിരായ അതിക്രമം: പ്രതി പിടിയിൽ

നവാസ്

കാസർകോട്: പുതിയ ബസ് സ്റ്റാൻഡിന് സമീപം മാതാവിനൊപ്പം നടക്കുകയായിരുന്ന 16കാരിയെ കയറിപ്പിടിക്കാൻ ശ്രമിച്ച കേസിലും കാർ തകർത്ത് ബാഗും ഫോണും മോഷ്ടിച്ച കേസിലെയും പ്രതി അറസ്റ്റിൽ. നെക്രാജെ നെല്ലിക്കട്ട ഉന്നതിയിലെ പി.എം. നവാസിനെയാണ് (40) ടൗൺ വനിത പൊലീസ് അറസ്റ്റ് ചെയ്തത്. പോക്സോ നിയമപ്രകാരമാണ് അറസ്റ്റ്. ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് കാറിന്റെ ഗ്ലാസ് തകർത്ത് ബാഗും ഫോണും മോഷ്ടിച്ചതും തെളിയുന്നത്.

കാറഡുക്ക ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിൽ ബദിയടുക്ക ടൗണിൽ അമിത് ഷായുടെ കോലം കത്തിക്കുന്നു

മഹിള സംഘം തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റി നടത്തിയ പ്രതിഷേധം ജില്ല സെക്രട്ടറി പി. ഭാർഗവി ഉദ്ഘാടനം ചെയ്യുന്നു

അംബേദ്കർവിരുദ്ധ പ്രസ്താവനക്കെതിരെ വ്യാപക പ്രതിഷേധം

അമിത് ഷായുടെ കോലം കത്തിച്ചു

കാസർകോട്: ലോക്സഭയിൽ ആഭ്യന്തര മന്ത്രി അമിത് ഷാ ഭരണഘടന ശിൽപി ഡോ. ബി.ആർ. അംബേദ്കറെ അപഹസിച്ച് നടത്തിയ പ്രസ്താവനക്കെതിരെ രാജ്യത്താകെ നടക്കുന്ന പ്രതിഷേധത്തിന്റെ ഭാഗമായി ജില്ലയിലും വ്യാപക പ്രതിഷേധം. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വലിയ രീതിയിലുള്ള പ്രതിഷേധങ്ങളാണ് നടക്കുന്നത്.

ബദിയഡുക്ക: ഡോ. ബി.ആർ. അംബേദ്കറെ അപമാനിച്ച കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാക്കെതിരെ കോൺഗ്രസ് എം.പിമാർ പാർലമെന്റ് കവാടത്തിനു മുന്നിൽ നടത്തിയ പ്രതിഷേധത്തിന് നേതൃത്വം നൽകിയ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ കള്ളക്കേസെടുത്ത നടപടിയിൽ പ്രതിഷേധിച്ച് കാറഡുക്ക ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിൽ ബദിയടുക്ക ടൗണിൽ അമിത് ഷായുടെ കോലം കത്തിച്ച് പ്രതിഷേധ പ്രകടനം നടത്തി.

ചന്ദ്രഹാസ റായ്, ഗോപകുമാർ, ആനന്ദ മൗവ്വാർ, തിരുപ്പതി ഭട്ട്, ശ്യാം മാന്യ, ജോണി ക്രാസ്റ്റ, ശ്രീധരൻ അയർകാട്, ഖാദർ മാന്യ, ഗംഗാധര ഗോളിയാടുക്ക, രാമ പട്ടാജെ, ഗോപാലൻ, ചന്ദ്രഹാസ ഭട്ട്, ഷാഫി ബദിയടുക്ക, കരുണാകരൻ നമ്പ്യാർ, അഷ്റഫ് ചേരൂണി, ജഗന്നാഥ റായ്, ശ്രീനാഥ് ബദിയടുക്ക, കൃഷ്ണകുമാർ, ഷരീഫ് പുത്രകള എന്നിവർ നേതൃത്വം നൽകി.

നീലേശ്വരം: മതേതരരാജ്യത്തെ ഛിന്നഭിന്നമാക്കാൻ നേതൃത്വം നൽകുന്ന ആഭ്യന്തര മന്ത്രി അമിത് ഷാ ഈ രാജ്യത്തിനുതന്നെ ആപത്താണെന്ന് ഓൾ ഇന്ത്യ കോൺഫെഡറേഷൻ ഓഫ് എസ്.സി-എസ്.ടി ഓർഗനൈസേഷൻ ഭാരവാഹികളായ എൻ. ബാബു, ആനന്ദ മവ്വാർ, സൻജീവൻ മടിവയൽ, വസന്തൻ അജക്കോട് എന്നിവർ ആരോപിച്ചു.

ഡോ. ബി.ആർ അംബേദ്കറെ ആർ.എസ്.എസിന്റെ ഭാഷയിൽ പുച്ഛിച്ച അമിത് ഷാ കേന്ദ്ര ആഭ്യന്തര മന്ത്രിയാണെന്ന് മറന്നുപോയി. ബുദ്ധി ഇല്ലായ്മയാണ് അമിത് ഷായുടെ കൂടപ്പിറപ്പെന്നും നേതാക്കൾ കൂട്ടിച്ചേർത്തു. ഇന്ത്യയിലെ ദലിത് പിന്നാക്ക സമുദായം ഒന്ന് വിചാരിച്ചാൽ അമിത് ഷാ വീട്ടിൽനിന്ന് പുറത്തേക്കിറങ്ങില്ലെന്നും വേണ്ടിവന്നാൽ മുഖത്ത് ചളിവാരി എറിയുമെന്നും നേതാക്കൾ പറഞ്ഞു.

മഹിള സംഘം പ്രതിഷേധിച്ചു

ചെറുവത്തൂർ: ഭരണഘടന ശിൽപി ഡോ. ബി.ആർ. അംബേദ്കറെ അവഹേളിച്ച കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രാജിവെക്കുക, രാജ്യത്തോട് മാപ്പുപറയുക തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി കേരള മഹിള സംഘം തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റി പ്രതിഷേധിച്ചു. മണ്ഡലം കമ്മിറ്റി നടത്തിയ പ്രകടനം ചെറുവത്തൂർ പഞ്ചായത്ത് ഓഫിസിന് മുന്നിൽനിന്ന് ആരംഭിച്ച് ബസ് സ്റ്റാൻഡിൽ സമാപിച്ചു. ജില്ല സെക്രട്ടറി പി. ഭാർഗവി ഉദ്ഘാടനം ചെയ്തു.

മണ്ഡലം പ്രസിഡന്റ് വി.വി. സുനിത അധ്യക്ഷത വഹിച്ചു. രജിത വിജയരാജ്, എ.വി. രമണി എന്നിവർ സംസാരിച്ചു.

മാജിദിന്റെ സത്യസന്ധതക്ക് പകരം കിട്ടിയത് പുത്തൻ വീട്

മാജിദിന് നിർമിച്ചുനൽകിയ വീട്

കാഞ്ഞങ്ങാട്: പത്തു വയസ്സുകാരൻ മാജിദിന്റെ 10 രൂപയുടെ സത്യസന്ധതക്ക് പകരമായി കിട്ടിയത് പുത്തൻ വീട്. കുന്നുംകൈയിലെ മാജിദിന്റെ സത്യസന്ധത കണ്ട് ഒരുകൂട്ടം സന്നദ്ധപ്രവർത്തകരുടെ പരിശ്രമഫലമായാണ് വീട് നിർമിച്ചുനൽകിയത്.

കുന്നുംകൈ എ.യു.പി സ്കൂൾ നേതൃത്വത്തിൽ സുമനസ്സുകളും സൈലം ഗ്രൂപ്പും കൈകോർത്ത് പൂർത്തിയാക്കിയ സ്നേഹവീടിന്റെ താക്കോൽദാനം സൈലം ഗ്രൂപ് സി.ഇ.ഒ ഡോ. എസ്. അനന്തു നിർവഹിച്ചു. സ്കൂളിലെ വിദ്യാർഥിയായ മാജിദ് ഒഴിവുസമയങ്ങളിൽ കടല വിൽപന നടത്തിയാണ് ജീവിതച്ചെലവ് കണ്ടെത്തുന്നത്.

നർക്കിലക്കാട് സ്വദേശി കെ.കെ. സുധീഷ് കുന്നുംകൈ പെട്രോൾ പമ്പിൽ എത്തിയ സമയം മാജിദിൽനിന്ന് കടല വാങ്ങിയത് നിമിത്തമായി. സുധീഷ് വിലയായി 10 രൂപക്ക് പകരം 20 രൂപ നൽകി വാഹനവുമായി പോകുന്നതിനിടെ പിറകെ ഓടിവരുന്ന മാജിദിനെ കണ്ടു. കാര്യമന്വേഷിച്ചപ്പോൾ സർ തന്നത് 20 രൂപ കോയിനാണെന്നും ബാക്കി തരാനാണ് ഓടിവന്നതെന്നും മറുപടി പറഞ്ഞു. ആ സത്യസന്ധത സുധീഷിനെ ആകർഷിച്ചു. പിന്നീട് കുട്ടിയുടെ വീടിന്റെ ദയനീയാവസ്ഥ മനസ്സിലാക്കി. സുമനസ്സുകൾ സഹായവുമായെത്തി. തുടർന്ന് ടിജു തോമസ് എൻജിനീയറുടെ മേൽനോട്ടത്തിൽ വീടുപണി ആരംഭിച്ചു. ഇടക്ക് സാമ്പത്തിക ബുദ്ധിമുട്ടുമൂലം പണി നിർത്തിവെക്കേണ്ട അവസ്ഥ വന്നപ്പോൾ സൈലം ഗ്രൂപ്പുമായി ബന്ധപ്പെട്ടു. അഞ്ചു ലക്ഷം അവർ കൈമാറി.

സ്കൂളിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ ബ്ലോക്ക് മെംബർ എ.വി. രാജേഷ് അധ്യക്ഷത വഹിച്ചു. ചിറ്റാരിക്കാൽ എ.ഇ.ഒ രത്നാകരൻ മുഖ്യാതിഥിയായി.

വീടിന്റ നിർമാണത്തിന് നിമിത്തമായ സുധീഷ്, സൈലം ഗ്രൂപ് സി.ഇ.ഒ അനന്തു, രണ്ടു ലക്ഷം രൂപ സഹായിച്ച പ്രവാസി വ്യവസായി അസീസ് മങ്കയം, എൻജിനീയർ ടിജു തോമസ് എന്നിവരെ ആദരിച്ചു. വെസ്റ്റ് എളേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.സി. ഇസ്മായിൽ ഉപഹാരം കൈമാറി. സ്കൂൾ ഹെഡ്മാസ്റ്റർ വർഗീസ് സ്വാഗതവും നിർമാണ കമ്മിറ്റി ജന. കൺവീനർ ബി. റഷീദ നന്ദിയും പറഞ്ഞു.

കഞ്ചാവുകടത്ത്: രണ്ടുവർഷം തടവും പിഴയും

ഷായിസ്

കാസർകോട്: 2017 ആഗസ്റ്റ് 18ന് പഴയ ബസ് സ്റ്റാൻഡ് പരിസരത്ത് നമ്പർ പ്ലേറ്റില്ലാത്ത ബൈക്കിൽ 1.250 കി. ഗ്രാം കഞ്ചാവ് കടത്തിക്കൊണ്ടുപോയ കേസിൽ പ്രതിക്ക് രണ്ടുവർഷം കഠിന തടവും 20,000 രൂപ പിഴയും ശിക്ഷ. ഷായിസ് അൽ അമീനെയാണ് (30) കാസർകോട് അഡീഷനൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി (രണ്ട്) ജഡ്ജി കെ. പ്രിയ ശിക്ഷ വിധിച്ചത്. പിഴയടച്ചില്ലെങ്കിൽ മൂന്നു മാസം അധികതടവ് അനുഭവിക്കണം.

കാസർകോട് എസ്.ഐ ആയിരുന്ന പി. അജിത്കുമാറാണ് കഞ്ചാവ് പിടികൂടി പ്രതിയെ അറസ്റ്റ് ചെയ്തതും കേസന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതും.

പ്രോസിക്യൂഷനുവേണ്ടി അഡീഷനൽ ഗവ. പ്ലീഡർ ജി. ചന്ദ്രമോഹൻ, അഡ്വ. ചിത്രകല എന്നിവർ ഹാജരായി.

സർഗലയം: വിദ്യാർഥികളെ അനുമോദിച്ചു

സർഗലയത്തിൽ വിജയിച്ച മൊഗ്രാൽ ഷറഫുൽ ഇസ്‌ലാം മദ്റസ വിദ്യാർഥികൾക്കുള്ള അനുമോദനം

മൊഗ്രാൽ: എസ്.കെ.എസ്.എസ്.എഫ് സംഘടിപ്പിച്ച ജില്ല, മേഖല തല സർഗലയത്തിൽ ദഫ് മുട്ട്, ബാങ്ക് വിളി, അറബി പദ്യപാരായണം തുടങ്ങിയ ഇനങ്ങളിൽ എ ഗ്രേഡ് നേടി വിജയിച്ച മൊഗ്രാൽ ഷറഫുൽ ഇസ്‌ലാം മദ്റസ വിദ്യാർഥികളെ ചളിയങ്കോട് ജുമാമസ്ജിദ് കമ്മിറ്റി അനുമോദിച്ചു.

വൈസ് പ്രസിഡന്റ് എസ്.കെ. തങ്ങൾ അധ്യക്ഷത വഹിച്ചു. ഖതീബ് മൂസ സഹദി പ്രാർഥന നടത്തി. ബീരാൻകുഞ്ഞി, ഇസെഡ്.എ. മൊഗ്രാൽ, അബ്ദുറഹ്മാൻ, ഹമീദ്, മുഹമ്മദ്, അബ്ദുല്ല എന്നിവർ സംബന്ധിച്ചു. ആബിദ് തങ്ങൾ സ്പോൺസർ ചെയ്ത ഉപഹാരങ്ങളും കാഷ് അവാർഡും നൽകി. റസാഖ് സഹദി, ഹൈനാർ മൗലവി, സിറാജുദ്ദീൻ ഹുദവി, ഇൻത്യാസ് വാഫി എന്നിവർ നേതൃത്വം നൽകി. മുസമ്മിൽ അസ്സഹരി സ്വാഗതവും സെക്രട്ടറി ബദ്റുദ്ദീൻ നന്ദിയും പറഞ്ഞു.

ലൈഫ് സ്കിൽസ് എജുക്കേഷൻ നാലാമത് ബാച്ച് ഉദ്ഘാടനം പ്രഫ. ജോസഫ് കോയിപ്പള്ളി നിർവഹിക്കുന്നു

ലൈഫ് സ്കിൽസ് എജുക്കേഷൻ ബാച്ച് തുടങ്ങി

പെരിയ: കേരള കേന്ദ്ര സർവകലാശാലയിൽ ഇ. ശ്രീധരൻ സെന്റർ ഫോർ ലൈഫ് സ്കിൽസ് എജുക്കേഷൻ നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ ലൈഫ് സ്കിൽസ് എജുക്കേഷന്റെ നാലാമത് ബാച്ചിന് തുടക്കം. നീലഗിരി ഗെസ്റ്റ് ഹൗസിൽ വൈസ് ചാൻസലർ ഇൻചാർജ് പ്രഫ. ജോസഫ് കോയിപ്പള്ളി ഉദ്ഘാടനം ചെയ്തു. പുതിയകാലത്ത് ജീവിതത്തിലും തൊഴിൽരംഗത്തും മുന്നേറുന്നതിന് ജീവിത നൈപുണികൾ ആർജിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രജിസ്ട്രാർ ഡോ. എം. മുരളീധരൻ നമ്പ്യാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. ആർ. ജയപ്രകാശ്, സെന്റർ ഡയറക്ടർ പ്രഫ. എം.എൻ. മുഹമ്മദുണ്ണി ഏലിയാസ് മുസ്തഫ, പ്രഫ. വി.പി. ജോഷിത്, ഡോ. ആർ. ചന്ദ്രബോസ്, ഡോ. സീമ ചന്ദ്രൻ, സി. പുഷ്പലത എന്നിവർ സംസാരിച്ചു.

ധർണ നടത്തി

ചെറുവത്തൂർ: തദ്ദേശ സ്ഥാപനങ്ങളിലൂടെയുള്ള കെട്ടിടനിർമാണ ക്ഷേമനിധി സെസ് പിരിവ് ഊർജിതമാക്കുക, ക്ഷേമനിധി ബോർഡിനെ സംരക്ഷിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടുക എന്നീ മുദ്രാവാക്യങ്ങളുയർത്തി നിർമാണത്തൊഴിലാളി യൂനിയൻ എ.ഐ.ടി.യു.സി നേതൃത്വത്തിൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന് മുന്നിൽ മാർച്ചും പ്രതിഷേധ ധർണയും നടത്തി.

ജില്ല ട്രഷറർ പി. വിജയകുമാർ ഉദ്ഘാടനം ചെയ്തു. നിർമാണത്തൊഴിലാളി യൂനിയൻ തൃക്കരിപ്പൂർ മണ്ഡലം പ്രസിഡന്റ് രമേശൻ കാര്യങ്കോട് അധ്യക്ഷത വഹിച്ചു. എ. അമ്പൂഞ്ഞി, പി. ഭാർഗവി, മുകേഷ് ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. എം. ഗണേശൻ സ്വാഗതം പറഞ്ഞു. കെ.വി. കുഞ്ഞിരാമൻ, എൻ.വി. ശശി, ടി.ടി.വി. കുഞ്ഞിരാമൻ, എ.വി. രമണി, കെ.വി. പുരുഷോത്തമൻ, പി. സുതൻ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

സുവർണജൂബിലി ആഘോഷവും കവിയരങ്ങും കവി പവിത്രൻ തീക്കുനി ഉദ്ഘാടനം ചെയ്യുന്നു

ബേത്തൂർപാറ സ്കൂൾ സുവർണ ജൂബിലി

ബേത്തൂർപാറ: ബേത്തൂർപാറ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സുവർണജൂബിലി ആഘോഷങ്ങളുടെയും കവിയരങ്ങിന്റെയും ഉദ്ഘാടനം കവി പവിത്രൻ തീക്കുനി നിർവഹിച്ചു. കുട്ടിക്കവിയായ സ്കൂൾ വിദ്യാർഥിനി ദേവാഞ്ജനയെ അനുമോദിച്ചു.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുരളി പയ്യങ്ങാനം അധ്യക്ഷത വഹിച്ചു. പി. സവിത, ലക്ഷ്മി കൃഷ്ണൻ, കെ. മണികണ്ഠൻ, കെ. സുധീഷ്, കെ. ബാലകൃഷ്ണൻ, റിനി തോമസ്, സതീദേവി, കെ. മുരളീധരൻ, അനിൽകുമാർ ജയപുരം, സുനന്ദ, എം. സുരേന്ദ്രൻ, സുനിൽ കുമാർ കരിച്ചേരി, എം.കെ. മാധവൻ എന്നിവർ സംസാരിച്ചു. കവിയരങ്ങിൽ ഹരിദാസ് കോളിക്കുണ്ട്, പങ്കജാക്ഷൻ തോരോത്ത്, ജയചന്ദ്രൻ പെരിങ്ങാനം, അശോക്ദേവ് ചാടകം, നിഷ പേര്യ, ചന്ദ്രൻ മുല്ലച്ചേരി, ഉമേശൻ വരിക്കുളം, രാജേഷ് മാടക്കല്ല്, ബിജു ജോസഫ്, കൃഷ്ണൻ മേലത്ത്, സുരേഷ് പയ്യങ്ങാനം എന്നിവർ കവിതകളാലപിച്ചു.

സുവർണ ജൂബിലിയുടെ ഭാഗമായി നേതൃസംഗമം, അധ്യാപക സംഗമം, മെഡിക്കൽ ക്യാമ്പ്, ഫുട്ബാൾ, ഷട്ടിൽ ടൂർണമെന്റ്, കലാസന്ധ്യ എന്നിവ നടത്തും.

മീഡിയ വൺ

06.00	ന്യൂസ് അപ്ഡേറ്റ്	04.00	ഈവനിംഗ് എഡിഷൻ
07.00	ന്യൂസ് മോർണിംഗ്	05.00	ഈവനിംഗ് എഡിഷൻ
07.30	ഫാസ്റ്റ് ന്യൂസ്	05.30	ഫാസ്റ്റ് ന്യൂസ്
08.00	ന്യൂസ് മോർണിംഗ്	06.00	ഈവനിംഗ് ന്യൂസ്
09.00	ന്യൂസ് @ 9	06.30	നാട്ടുവിശേഷം
10.00	സീറോ അവർ	07.00	ന്യൂസ് അപ്ഡേറ്റ്
11.30	ഫാസ്റ്റ് ന്യൂസ്	07.30	നാം മുന്നോട്ട്
12.00	സീറോ അവർ	08.00	സ്പെഷ്യൽ എഡിഷൻ
01.00	ഫസ്റ്റ് റൗണ്ട് അപ്പ്	09.00	ന്യൂസ് അപ്ഡേറ്റ്
01.30	ഫാസ്റ്റ് ന്യൂസ്	09.30	വേൾഡ് വിത്ത് അസ്
02.00	ന്യൂസ് അപ്ഡേറ്റ്	10.00	ഷാർപ് 10
02.30	ഫാസ്റ്റ് ന്യൂസ്	10.30	സൗദി സ്റ്റോറി
03.00	ന്യൂസ് അപ്ഡേറ്റ്	11.00	മിഡ് ഈസ്റ്റ് അവർ
03.30	നിലപാട്		

ഫുട്ബാൾ ഫൈനലിനിടെ പടക്കംപൊട്ടി കുട്ടിക്ക് പരിക്ക്

ഹാദി മിൻഹ

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ ടൗണിൽ സമാപിച്ച ഖാൻ സാഹിബ് സെവൻസ് ഫുട്ബാൾ ടൂർണമെന്റിന്റെ ഫൈനൽ മത്സരത്തിനിടെ കാണികളിൽ ചിലർ പ്രയോഗിച്ച കരിമരുന്ന് പൊട്ടിത്തെറിച്ച് വിദ്യാർഥിക്ക് പരിക്ക്. തായിനേരി എസ്.എ.ബി.ടി.എം ഹൈസ്കൂൾ വിദ്യാർഥി മുൻതസിറിന്റെ മകൻ ഒളവറയിലെ ഹാദി മിൻഹക്കാണ് (15) മുഖത്ത് മുറിവേറ്റത്.

എടച്ചാക്കൈയും കവ്വായിയും തമ്മിൽ നടന്ന ഫൈനലിലാണ് സംഭവം. കരിമരുന്നുപ്രയോഗം ഉണ്ടാവില്ലെന്ന് പങ്കെടുക്കുന്ന ടീമുകൾ പൊലീസുമായുള്ള ചർച്ചയിൽ സമ്മതിച്ചിരുന്നതായി തൃക്കരിപ്പൂർ ടൗൺ എഫ്.സി പ്രതിനിധികൾ പറഞ്ഞു. എന്നാൽ, ഹിറ്റേഴ്സ് ടീമിന്റെ ആരാധകരുടെ ഭാഗത്തുനിന്നാണ് ദൗർഭാഗ്യകരമായ സംഭവമുണ്ടായത്. ഇതേത്തുടർന്ന് ഫൈനലിൽ റണ്ണേഴ്സായ ഹിറ്റേഴ്സ് ടീമിന്റെ പ്രൈസ് മണി തടഞ്ഞുവെക്കുകയും ചെയ്തു.

സംഭവത്തിൽ കുട്ടിയുടെ കുടുംബം പൊലീസിൽ പരാതി നൽകി. പരിക്കേറ്റ കുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോകാൻ പോലും ബന്ധപ്പെട്ടവർ തയാറായില്ലെന്ന് ബന്ധുവും തൃക്കരിപ്പൂർ പഞ്ചായത്തംഗവുമായ എം.കെ. ഹാജി പറഞ്ഞു. ഫൈനൽ മത്സരത്തിലെ സംഘർഷവുമായി ബന്ധപ്പെട്ട് കണ്ടാലറിയുന്ന 50 പേർക്കെതിരെ ചന്തേര പൊലീസ് കേസെടുത്തു.

പാചകമത്സരം

കാഞ്ഞങ്ങാട്: വണ്ണാർവയൽ അഡ്വ. പി. കൃഷ്ണൻ നായർ ഗ്രന്ഥാലയത്തിൽ വനിതവേദിയുടെ നേതൃത്വത്തിൽ 29ന് വൈകീട്ട് മൂന്നിന് പുതുവത്സരാഘോഷത്തിന്റെ ഭാഗമായി വനിതകൾക്കായി പഞ്ചായത്ത്തല പായസ പാചകമത്സരം സംഘടിപ്പിക്കുന്നു. വീടുകളിൽനിന്ന് പാചകംചെയ്ത പായസമാണ് മേളയിൽ എത്തിക്കേണ്ടത്. ഫോൺ: 9497746103, 8547243093.

കച്ചേരിക്കടവ് പാലം: യു.ഡി.എഫ് സംഘം സന്ദർശിച്ചു

നീലേശ്വരം: പാലം നിർമാണത്തിനുള്ള കോൺക്രീറ്റ് മിശ്രിതത്തിൽ പുഴവെള്ളം ഉപയോഗിച്ചതായുള്ള നാട്ടുകാരുടെ പരാതിയിൽ 'മാധ്യമം' വാർത്ത ശ്രദ്ധയിൽപെട്ട യു.ഡി.എഫ് കൗൺസിലർമാർ സ്ഥലം സന്ദർശിച്ചു. ഇ. ഷജീർ, കെ.വി. ശശികുമാർ എന്നിവരാണ് പാലം നിർമാണസ്ഥലം സന്ദർശിച്ചത്. സൂപ്പർവൈസറോട് കാര്യങ്ങൾ തിരക്കി. നിർമാണത്തിന് പുറമേനിന്ന് കൊണ്ടുവരുന്ന വെള്ളമാണെന്നും നനക്കാനാണ് പുഴവെള്ളം ഉപയോഗിക്കുന്നതെന്നുമാണ് സൂപ്പർവൈസർ അറിയിച്ചത്. 'മാധ്യമം' വാർത്ത നീലേശ്വരത്തെ സി.പി.എം നേതാക്കളുടെ ശ്രദ്ധയിൽപെടുത്തുകയും പൊതുമരാമത്ത് മന്ത്രിയുടെ പേഴ്സനൽ സ്റ്റാഫിന് വാർത്തയുടെ പകർപ്പ് അയച്ചുകൊടുക്കുകയും ചെയ്തു. ശനിയാഴ്ച പ്രസിദ്ധീകരിച്ച വാർത്ത നീലേശ്വരം നഗരസഭക്കകത്തും പുറത്തും ചൂടേറിയ ചർച്ചകൾക്കിടയാക്കി. തൂണുകൾ നിർമിക്കുമ്പോൾ ഉപ്പുകലർന്ന വെള്ളം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ബലക്ഷയത്തിന് കാരണമാകുമെന്നാണ് നാട്ടുകാർ ചൂണ്ടിക്കാണിച്ചത്. ദേശീയപാത നിടുങ്കണ്ടയിൽനിന്ന് നീലേശ്വരം നഗരവുമായി ബന്ധിപ്പിച്ചാണ് കച്ചേരിക്കടവ് പാലം നിർമാണം.

നീലേശ്വരം കച്ചേരിക്കടവ് പാലം നിർമാണസ്ഥലം യു.ഡി.എഫ് കൗൺസിലർമാർ സന്ദർശിക്കുന്നു

കേരള വാട്ടർ അതോറിട്ടി/ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 12/202024-25/KWA/PHC/D1/TVM

കിഫ്ബി ചിറയിൻകീഴ് കോസ്റ്റൽ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി- ആറ്റിങ്ങൽ വലിയകുന്നിലുള്ള 33.5LL OHSR നെ ആറ്റിങ്ങൽ- ചിറയിൻകീഴ് റോഡിലുള്ള 400mm DI പൈപ്പുമായി 500mm DI K9 പൈപ്പ് ഉപയോഗിച്ച് ബന്ധിപ്പിക്കൽ നിരതദ്രവ്യം : Rs. 100000/- ടെണ്ടർ ഫീസ് : Rs. 9759/- ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 06-01-2025 03:00 pm

ഫോൺ : 0471 2322303. വെബ്സൈറ്റ്: www.kwa.kerala.gov.in www.etenders.kerala.gov.in

സൂപ്രണ്ടിങ് എഞ്ചിനീയർ, PH സർക്കിൾ, തിരുവനന്തപുരം

KWA-JB-GL-6-950-2024-25

KSEB കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്-ദർഘാസ് പരസ്യം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം , ട്രാൻസ്ഗ്രിഡ് ടി സി സബ് ഡിവിഷൻ, തിരൂർ, മലപ്പുറം, ഇ- ടെൻഡർ ID- 2024_KSEB_717749 അടങ്കൽ തുക: 35,25,539/- രൂപ അവസാന തീയതി: 30.12.2024 03.00 pm

ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ കാര്യാലയം, സിവിൽ സർക്കിൾ, തൃശൂർ

ഇ- ടെൻഡർ ID- 2024_KSEB_718267 അടങ്കൽ തുക: 33,78,580/- രൂപ അവസാന തീയതി: 04.01.2025 04.00 pm

ദർഘാസ് ദീർഘിപ്പിക്കൽ പരസ്യം, ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ കാര്യാലയം, സിവിൽ സർക്കിൾ, പള്ളം, കോട്ടയം, ഇ- ടെൻഡർ ID- 2024_KSEB_713413_1 അടങ്കൽ തുക: 40,00,000/- രൂപ അവസാന തീയതി: 26.12.2024 01.00 pm

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം , ട്രാൻസ്മിഷൻ സബ് ഡിവിഷൻ, നെയ്യാറ്റിൻകര, തിരുവനന്തപുരം, ഇ- ടെൻഡർ ID- 2024_KSEB_707161_1 അടങ്കൽ തുക: 70,70,486/- രൂപ അവസാന തീയതി: 03.01.2025 06.00 pm

ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in

വിശദ വിവരങ്ങൾക്ക് www.kseb.in PR/MC1/C-453/ E-Tender /2024

SOUTH INDIAN Bank റീജണൽ ഓഫീസ് കണ്ണൂർ

എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35 email: ro1016@sib.co.in, CIN No.L65191KL1929PLC001017

രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020

E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ–ലേല വിൽപന നോട്ടീസ് [റൂൾ–8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപന നോട്ടീസ്.

വായ്പക്കാരനായ (1) ശ്രീ. മുഹമ്മദ് ജാഷിദ് കരിപ്പൊടി, S/o അബ്ദുൾ ജലീൽ കരിപ്പൊടി, ജാമ്യക്കാരിയായ (2) ശ്രീമതി വഹീദ, W/o. അബ്ദുൾ ജലീൽ കരിപ്പൊടി രണ്ടുപേരും താമസിക്കുന്നത് കരിപ്പൊടി വില്ല, കോട്ടിക്കുളം, ബേക്കൽ പി ഒ, പള്ളിക്കര II, കാസർകോട് - 671318

താഴെ പറയുന്ന വസ്തുവഹകൾ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ഉദുമ ബ്രാഞ്ചിൽ ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷത്തിൽ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ഉദുമ ബ്രാഞ്ചിന് മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 18.12.2024ന് കിട്ടുവാനുള്ള തുകയായ 1,47,07,201.46 (ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി ഏഴായിരത്തി ഇരുനൂറ്റിയൊന്ന് രൂപ നാൽപ്പത്തിയാറ് പൈസ മാത്രം) കൂടാതെ പലിശയും മറ്റു ചിലവുകളും സഹിതം തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ 15.01.2025ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: ശ്രീമതി വഹീദ. വസ്തുവിന്റെ വിവരണം: കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ പെരുമ്പള വില്ലേജിലെ റീസർവ്വെ നം. 204/4 കാസർഗോഡ് എസ്.ആർ.ഒ യിൽ 10.06.1992ന് രജിസ്റ്റർ ചെയ്ത 1904/1992 ധനനിശ്ചയ ആധാരപ്രകാരം ശ്രീമതി വഹീദയുടെ ഉടമസ്ഥതയിൽ നിർമാണങ്ങളും മെച്ചപ്പെടുത്തലുകളും അനുബന്ധങ്ങളും കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളുമടക്കം 50 സെന്റ് സ്ഥലം. അതിർത്തികൾ: വടക്ക്: പിഡബ്ല്യുഡി റോഡും ജഷീദിന്റെ സ്ഥലം, കിഴക്ക്: ജഷീദിന്റെയും സാജിതയുടെയും സ്ഥലം, തെക്ക്: ദയനാബിയുടെ സ്ഥലം, പടിഞ്ഞാറ്: അബ്ദുല്ലയുടെ സ്ഥലം.

കരുതൽ വില: 52,65,000 (അമ്പത്തിരണ്ട് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം)
നിരതദ്രവ്യം (EMD): 5,26,500 (അഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) (EMD) 14.01.2025ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിന് മുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: 25,000 (ഇരുപത്തി അയ്യായിരം രൂപ മാത്രം)
ഇ-ലേലത്തിന്റെ തിയതിയും സമയവും: 15.01.2025ന് രാവിലെ 11 മുതൽ 12 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെട്ട ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം 01-01-1992 മുതൽ 13-05-2024 വരെ യാതൊരു ബാധ്യതയും ഇല്ല.

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. www. southindianbank.com വിശദാംശങ്ങൾ https://bankauctions.in ലും ലഭ്യമാണ്. കൂടുതൽ വ്യക്തതക്കായി വസ്തുവിന്റെ പരിശോധന, ഇ-ലേലത്തിൽ അല്ലെങ്കിൽ സമർപ്പിക്കലിന്റെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് ബിഡുകൾക്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡുമായി 04672239000/6282084874ൽ ബന്ധപ്പെടുക.

കാസർഗോഡ് 19.12.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്